LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ

8 [*212] ശ്രീ. എ. എ. അസീസ് :
„ കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ ഉൽപാദനശേഷി എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതികൾക്ക് നാളിതുവരെ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇനി എത്ര രൂപ കൂടി ചെലവഴിച്ചാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും;

(ഇ) ഓരോ പദ്ധതിയും എന്ന് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്)

(എ) മലങ്കര, കുറ്റ്യാടി ടെയിൽ റേസ്, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, നേര്യമംഗലം എക്സ്റ്റൻഷൻ, ലോവർ മീൻമുട്ടി, അഴുത ഡൈവേർഷൻ, കുട്ടിയാർ ഡൈവേർഷൻ, കുറ്റ്യാടി ആഗ്മെന്റേഷൻ എന്നീ പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നത്. ഇതുകൂടാതെ ശബരിഗിരി, നേര്യമംഗലം എന്നീ പദ്ധതികളുടെ നവീകരണ പുനരുദ്ധാരണ ജോലികളും ആരംഭിച്ചിട്ടുണ്ട്.

(ബി), (സി), (ഡി) & (ഇ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വൈദ്യുതിയുടെ വില്പനവില നിർണ്ണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

9 [*213] ശ്രീ. എം. പി. ഗംഗാധരൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ഡി. സുഗതൻ:
ശ്രീമതി ശോഭന ജോർജ്:
ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വില്പനവില നിർണ്ണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) ഹൈടെൻഷൻ, എക്സ്ട്രാഹൈടെൻഷൻ, ലോടെൻഷൻ, ഗാർഹിക ഉപഭോക്താക്കൾ എന്നിവർക്ക് നൽകുന്ന വൈദ്യുതിയുടെ വില കണക്കാക്കുന്നത് ഏതുപ്രകാരമാണ്;

(സി) വൈദ്യുത പദ്ധതികൾക്ക് ചെലവാകുന്ന തുക വൈദ്യുതിവില നിർണ്ണയിക്കുന്നതിൽ മാനദണ്ഡമായി എടുക്കാറുണ്ടോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly





[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8 (*212) കാണുക]

**നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (മെഗാവാട്ട്) | ഉല്പാദന ശേഷി (മില്യൻ യൂണിറ്റ്) | ഇതുവരെ ചെലവഴിച്ച തുക (ലക്ഷം രൂപ) | നിർമ്മാണം പൂർത്തീകരിക്കുവാൻ ഇനിയും ചെലവഴിക്കേണ്ട തുക (ലക്ഷം രൂപ) | നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന തീയതി |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | മലങ്കര | 10.50 | 65.00 | 2829.23 | 1283.77 | 15-3-2005 |
| 2 | കുറ്റ്യാടി ടെയിൽ റേസ് | 3.75 | 17.10 | 838.33 | 193.67 | 6/2006 |
| 3 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ | 100.00 | 210.50 | 290.36 | 21759.00 | 5/2007 |
| 4 | നേര്യമംഗലം എക്സ്റ്റൻഷൻ | 25.00 | 58.27 | 455.84 | 3050.34 | 2-7-2006 |
| 5 | ലോവർ മീൻമുട്ടി | 3.50 | 7.63 | 293.00 | 935.00 | 5/2005 |
| 6 | അഴുത ഡൈവേർഷൻ | .. | 57.00 | 627.38 | 106.00 | 31-5-2005 |
| 7 | കുറ്റ്യാർ ഡൈവേർഷൻ | .. | 37.00 | 856.90 | 587.00 | 1-4-2005 |
| 8 | കുറ്റ്യാടി ആഗ്മെന്റേഷൻ | .. | 223.00 | 17985.00 | 1800.00 | 5/2005 |

LIBRARY ARCHIVES Kerala Legislative Assembly



| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 9 | ശബരിഗിരി പദ്ധതി (നവീകരണം) | 35.00 (300-ൽനിന്നും 335 മെഗാവാട്ടായി വർദ്ധിപ്പിക്കും) | .. | 2090.00 | 7599.00 | 30-6-2007 |
| 10 | നേര്യമംഗലം (നവീകരണം) | 9.00 (45 മെഗാവാട്ടിൽ നിന്നും 54 ആയി വർദ്ധിപ്പിക്കും) | .. | 4680.00 | 1120.00 | 7-2007 |